**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല - കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എബ്രഹാം സി. മാത്യുവിനെ അടിയന്തിരമായി ജില്ലയ്ക്ക് പുറത്തേയ്ക്ക് മാറ്റി നിയമിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3333/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 19.10.2017

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.05.2015-ലെ ഇ 5-(എസ് സി 72/2014/കെടിഎം)44004/2014 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 05.06.2015-ലെ 5928/ഡി3/2015/വിജി. നമ്പർ കത്ത്

3. സർക്കാരിന്റെ 09.11.2015-ലെ 614/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം

4. കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എബ്രഹാം സി. മാത്യു 23.01.2016-ൽ സമർപ്പിച്ച എതിർവാദ പത്രിക

5. പഞ്ചായത്ത് ഡയറക്ടറുടെ 19.10.2016, 27.07.2017 എന്നീ തീയതികളിലെ ഡി5-39301/2015 നമ്പർ കത്തുകൾ

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ 07.11.2014-ൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1), (2) എന്നിവ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പരിശോധനയിൽ തെരുവു വിളക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല, ഗുണനിലവാരമില്ലാത്ത തെരുവു വിളക്കുകൾ വാങ്ങി സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കി എന്നീ കണ്ടെത്തലുകളെത്തുടർന്ന് കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എബ്രഹാം സി. മാത്യുവിന് പരാമർശം (3) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ 19.10.2016-ലെ പരാമർശം (5) കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം ശ്രീ. എബ്രഹാം സി. മാത്യു സമർപ്പിച്ച എതിർവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഇക്കാര്യത്തിൽ കൂടുതൽ വിശദമായ അന്വേഷണം ആവശ്യമുണ്ടെന്ന് കണ്ടതിനെത്തുടർന്ന് കുറിച്ചി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 10 വർഷങ്ങളിലെ തെരുവു വിളക്ക് ഉപകരണങ്ങളുടെ വാങ്ങലും വിനിയോഗവും സംബന്ധിച്ച് വകുപ്പുതല വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കുകയും ആയതിന് പഞ്ചായത്ത് ഡയറക്ടർ 27.07.2017-ലെ പരാമർശം (5) കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. അന്വേഷണത്തിലെ അപാകതകൾ ടി റിപ്പോർട്ടിൽ ചുവടെ ചേർക്കുംപ്രകാരം ക്രോഡീകരിച്ചിരുന്നു.

1. കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
2. പദ്ധതിയുടേത്, തുടങ്ങിയ ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല
3. പഞ്ചായത്തിലെ ഹെഡ് ക്ലാർക്കിന് പ്ലാൻ സെക്ഷന്റെ അധിക ചുമതല നല്കിയതായി കാണുന്നു
4. തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് നടത്തിയിട്ടില്ല
5. പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗങ്ങൾ നിയമാനുസരണം ചേരുകയോ മിനിട്സ് പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.
6. തെരുവു വിളക്കിന്റെ പരിപാലനത്തിന് കരാർ നല്കിയിട്ടില്ല
7. തെരുവു വിളക്കിന്റെ പല ഉപകരണങ്ങളും മെമ്പർമാർക്ക് വിതരണം ചെയ്തതായി കാണുന്നു
8. 2013-14 വർഷത്തെ ഓഡിറ്റിൽ പരാമർശം വന്നിട്ടുപോലും തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല
9. കൃത്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആ രേഖകൾ ഇല്ലെന്ന് കരുതാവുന്നതാണ്

നിലവിലെ പഞ്ചായത്ത് സെക്രട്ടറിയും, വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്കുകളുടെ പരിപാലനത്തിൽ വീഴ്ചവരുത്തിയതിന് കുറ്റപത്രം നല്കിയിട്ടുള്ളതുമായ ശ്രീ. എബ്രഹാം സി. മാത്യുവാണ് വളരെക്കാലമായി ടി പഞ്ചായത്തിൽ സെക്രട്ടറിയായി തുടരുന്നതെന്നും സെക്രട്ടറിയുടെ കാര്യക്ഷമതയില്ലായ്മ പഞ്ചായത്തിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടെന്നും 30/9/2018-ൽ സേവനത്തിൽനിന്ന് വിരമിക്കുന്ന ടിയാനെ അടിയന്തിരമായി സ്ഥലംമാറ്റണമെന്നും പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു ശ്രീ. എബ്രഹാം സി. മാത്യുവിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്നു കാണുന്ന സാഹചര്യത്തിൽ കോട്ടയം ജില്ല കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എബ്രഹാം സി. മാത്യുവിനെ അടിയന്തിരമായി ജില്ലയ്ക്ക് പുറത്തേയ്ക്ക് മാറ്റി നിയമിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. എബ്രഹാം സി. മാത്യു, സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത്, കോട്ടയം
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/614/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ